നമ്പർ. സി.പി(1)**44/2012**

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 21.06.2014
Email: keralarcs.coop@kerala.gov.in
website : www.cooperation.kerala.gov.in
Fax : 0471-2331513
Tel-0471-2330726

# സർക്കുലർ നമ്പർ. 31/2014

വിഷയം : സഹകരണ വകുപ്പ് – സഹകരണ സംഘങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന വായ്പ തുടങ്ങിയ ഇടപാടുകളിന്മേൽ ഈടാക്കുന്ന ഫീസ്, ചാർജ്ജ് എന്നിവ – സംബന്ധിച്ച്.

സൂചന : 1. ഈ ആഫീസിലെ 17.04.1993 ലെ 26/1993 നമ്പർ സർക്കുലർ
2 ഈ ആഫീസിലെ 31.08.2005 ലെ 31/2005 നമ്പർ സർക്കുലർ.
3. ഈ ആഫീസിലെ 27.08.2010 ലെ 48/2010 നമ്പർ സർക്കുലർ.

................

സഹകരണ സംഘങ്ങളിലെ അംഗങ്ങൾ വായ്പയിലേയ്ക്കോ, മറ്റ് ബാധ്യതകളിലേയ്ക്കോ നൽകാനുള്ള തുക ഭാഗികമായി അടയുമ്പോൾ ബാക്കിഅടയ്ക്കാനുള്ള തുകയെ സംബന്ധിച്ചും ഏതെല്ലാം ഇനങ്ങളിലേയ്ക്കാണ് വരവ്വച്ചതെന്ന് വ്യക്തമായികാണിക്കണമെന്നും മേൽകാര്യങ്ങളോടൊപ്പം മലയാളഭാഷയിൽ രസീത് തയ്യാറാക്കണമെന്നും സൂചന (1), (2) പ്രകാരവും സഹകരണസംഘങ്ങൾ/ബാങ്കുകൾവിതരണംചെയ്യുന്ന വിവിധയിനം വായ്പകൾക്കുള്ള ഫീസ്/ചാർജ്ജ് എന്നിവ ഈടാക്കുന്നത് സംബന്ധിച്ച് നോട്ടീസ്ബോർഡ് സംഘം/ബാങ്ക് ഹെഡ്ഡാഫീസിലും ശാഖകളിലുംപ്രദർശിപ്പിക്കണമെന്നും, സഹകരണസ്ഥാപനങ്ങളിൽ അംഗങ്ങളിൽനിന്നും വായ്പയിലോ മറ്റുബാദ്ധ്യതകളിലോ ഈടാക്കുന്ന തുകയ്ക്ക് നൽകുന്ന രസീതുകളിൽ ഏതെല്ലാം തുകകളിലേയ്ക്കാണ് വരവ് വെച്ചതെന്ന് വ്യക്തമായി കാണിയ്ക്കണമെന്നും അതോടൊപ്പം വായ്പ വിതരണം സംബന്ധിച്ച് സൂചന (3) പ്രകാരവും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പല സംഘങ്ങളും ഇപ്പോഴും പാലിയ്ക്കുന്നില്ലായെന്ന് ഈ ആഫീസിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകയാൽ മേൽ നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും പരാതികൾ ഒഴിവാക്കുന്നതിനുമായി സഹകരണസംഘം ജിസ്ട്രാറുടെ മുൻനിർദ്ദേശങ്ങളുടെ തുടർച്ചയായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. താലൂക്കുകളിലെ സഹകരണ സംഘങ്ങൾ സംഘത്തിലേയ്ക്ക് അടയ്ക്കുന്ന തുകകൾക്ക് നൽകുന്നരസീതുകളിൽ ഈടാക്കുന്ന തുകകളുടെ വ്യക്തമായ ഇനവിവരംരേഖപ്പെടുത്തിയ രസീതുകളാണ് ഇടപാടുകാർക്ക് നൽകുന്നതെന്ന് സംഘം പരിശോധന വേളകളിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

2. സർക്കുലർ നമ്പർ 48/2010 പ്രകാരമുള്ള നോട്ടീസ് പ്രദർശിപ്പിച്ചിട്ടുണ്ടെന്നും, പരിശോധനയിൽ അപ്രകാരം പ്രദർശിപ്പിച്ചിട്ടില്ലെന്ന് കാണുന്ന സംഘങ്ങൾക്ക് സത്വരമായി ടി സർക്കുലർനിർദ്ദേശങ്ങൾ പാലിക്കുവാൻ നിർദ്ദേശംനൽകേണ്ടതും, ഇൻസ്പെക്ടർമാരുടെ പരിശോധനാവേളയിൽ ആയത് പരിശോധിയ്ക്കുണ്ടെന്നും അസിസ്റ്റന്റ് രജിസ്ട്രാർമാർ ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിച്ച് അവ നടപ്പിലാക്കുന്നതിന് ഉചിതമായ നടപടികൾ സംഘങ്ങൾ/ബാങ്കുകളുടെ ഭരണ സമിതി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ